# സന്ദേശനിലയം
## ചങ്ങനാശേരി അതിരൂപത
## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

Date: 01.02.2026
2.00 PM -4.00 PM

ക്ലാസ്സ് - IX

മാർക്ക് : 50

**I. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക** **1X10=10**

1. സഭാപിതാവായ ................................ ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്രവയ്ക്കുന്ന കർമ്മമായി മാമ്മോദീസായെ കാണുന്നു.
   (വി. അംബ്രോസ്, മാർ അപ്രേം, വി. അഗസ്റ്റിൻ)
2. ദൈവിക വെളിപാടിന്റെ ഉറവിടം ..........................................
   (കൂദാശ, ദൈവവചനം, തിരുനാൾ)
3. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകരമായ അടയാളം .........................................
   (തിരുവചനം, ആശീർവാദം, കൂദാശകൾ)
4. മാമ്മോദീസാതൊട്ടി എന്തിന്റെ പ്രതീകം ..................................
   (കല്ലറ, ബേമ്മ, ബലിവേദി)
5. കൂദാശ എന്ന വാക്ക് ............................... ഭാഷയിൽ ഉൾപ്പെടുന്നു.
   (ഹീബ്രു, ഗ്രീക്ക്, സുറിയാനി)
6. സ്നേഹത്തിന്റെ ഉടമ്പടി ............................
   (തിരുപ്പട്ടം, വിവാഹം, കുമ്പസാരം)
7. ............................ അനുസരണത്തിന്റെ ഏറ്റവും മഹനീയ മാതൃക.
   (മോശ, സ്നാപകയോഹന്നാൻ, ഈശോ)
8. മധ്യപ്രദേശിൽ ആദിവാസി സമൂഹത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ച് രക്തസാക്ഷിയായി ത്തീർന്ന മിഷനറി ?
   (വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ, വിശുദ്ധ അൽഫോൻസാ, വിശുദ്ധ മദർ തെരേസ)
9. സമർപ്പിത ജീവിതം സഭയുടെ ഹൃദയത്തിൽ തന്നെയുള്ള ഒന്നാണെന്ന് പറഞ്ഞ മാർപാപ്പ.
   (ബെനഡിക്ട് പതിനാറാമൻ മാർപാപ്പ, പോൾ ആറാമൻ മാർപാപ്പ, ജോൺപോൾ രണ്ടാമൻ മാർപാപ്പ)
10. മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ.
    (സെപ്റ്റംബർ 24, ഡിസംബർ 18, ജൂലൈ 3)

**II. ചേരുംപടി ചേർത്തെഴുതുക** **1X5=5**

| | | |
|---|---|---|
| 11. സുബാറ | - | ഫലാഗമകാലം |
| 12. ദനഹാ | - | അറിയിപ്പുകളുടെ കാലം |
| 13. പേത്തുർത്താ | - | സൂര്യോദയം |
| 14. ശ്ലീഹാ | - | തിരിഞ്ഞുനോക്കൽ |
| 15. കൈത്താക്കാലം | - | അയയ്ക്കപ്പെട്ടവൻ |
| | - | പിറവിക്കാലം |

**III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

16. നമ്മുടെ വിശ്വാസത്തിന്റെ കാതൽ എന്താണ് ?
17. പ്രവേശകകൂദാശകൾ ഏവ ? അവയെ എന്തുകൊണ്ട് അങ്ങനെ വിശേഷിപ്പിക്കുന്നു ?
18. അനുരജ്ഞനകൂദാശവഴി പുനസ്ഥാപിക്കപ്പെടുന്ന നാല് തലത്തിലുള്ള ബന്ധങ്ങൾ ഏതെല്ലാം ?

*P.T.O*

**IV. പാഠഭാഗത്തുള്ള ബൈബിൾ ഭാഗങ്ങളെ അടിസ്ഥാനമാക്കി ഉത്തരമെഴുതുക** **3X3=9**

19. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. (യോഹ. 15 : 16). വ്രതബദ്ധമായ ജീവിതത്തിലൂടെ ഈശോയുടെ സ്വന്തമാകാൻ ദൈവം ഇന്നും യുവജനങ്ങളെ വിളിക്കുന്നു. നിങ്ങളുടെ ദൈവവിളി തിരിച്ചറിയാൻ ഒരു സ്വയം പ്രേരിത പ്രാർത്ഥന എഴുതുക.
20. എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും (മത്താ. 4 : 19). ഈ തിരുവചനഭാഗത്തിന്റെ സന്ദർഭം വിശദമാക്കുക. ഈ വചനഭാഗം ഏത് കൂദാശയുമായി ബന്ധപ്പെട്ടിരിക്കുന്നു ?
21. നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (ലൂക്കാ 7 : 48). സന്ദർഭം എഴുതുക. ഇതിലൂടെ ഈശോ എന്താണ് വെളിവാക്കുന്നത് ?

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **4X3=12**

22. പൗരോഹിത്യ ധർമ്മങ്ങൾ ഏവ ?
23. വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏവ ?
24. ആരാധനാവത്സരത്തിലെ വിവിധ കാലങ്ങൾ ഏവ ?

**VI. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക** **8X1=8**

25. ആരോഗ്യ ചികിത്സാ മേഖലകളിലെ ക്രൈസ്തവ മിഷനറിമാരുടെ വലിയ സംഭാവനകൾ ഏതെല്ലാം ?
26. കൂദാശകൾ ഏതെല്ലാം ? ക്രൈസ്തവ ജീവിതത്തിൽ കൂദാശകൾക്കുള്ള സ്ഥാനം എന്ത് ? നിങ്ങളുടെ ജീവിതത്തിൽ കൂദാശകൾ യഥാസമയം സ്വീകരിക്കുന്നുണ്ടോ ?